**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

## ക്രിമിനൽ കേസുകളിൽ പ്രതികളായ പോലീസുകാർ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :160** **28/11/2018-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസിൽ ക്രിമിനൽ കേസുകളിൽ പ്രതികളായവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഗതികളിൽ പോലീസിലെ എത്ര വലിയ ഉദ്യോഗസ്ഥനുമെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്നുണ്ട്. അത്തരം ഇടപെടലിന്റെ ഭാഗമായി വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഡി.ജി.പി.യോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായോ; | (ബി) | ബഹു സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 12.04.18 ലെ HRMP No. 379 of 2018/TVPM നമ്പർ ഉത്തരവ് പ്രകാരം കേരളാ പോലീസ് ആക്ടിലെ 86 സെക്ഷൻ അനുസരിച്ചുള്ള കുറ്റ കൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 24.04.2018 ലെ പോലീസ് ആസ്ഥാനത്തെ D6/56574/2018/PHQ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ക്രൈം ബ്രാഞ്ച് അഡി. പോലീസ് ഡയറക്ടർ ജനറൽ ചെയർമാനായും ഐ.ജി. പി ഇന്റലിജൻസ്, ഡി.ഐ.ജി. എപി ബറ്റാലിയൻ, എസ്.പി എൻ.ആർ.ഐ. സെൽ എന്നിവർ അംഗങ്ങളായുള്ളഒരു കമ്മിറ്റി രൂപീകരിച്ച ഇത്തരം കേസുകൾ റിവ്യൂ ചെയ്യുന്നതിലേക്കായി ഉത്തരവായിട്ടുള്ളതാണ് |
| (സി) | എങ്കിൽ ക്രിമിനൽ കേസുകളിൽ പ്രതികളായ എത്ര പേർ ഏതൊക്കെ തസ്തികകളിലായി ഇപ്പോൾ പോലീസ് സേനയിലുണ്ട് എന്നറിയിക്കുമോ; | (സി) | ക്രിമിനൽ കേസുകളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td><table><tr><td>DC/DySP/AC</td><td>6</td></tr><tr><td>CI/RI/API</td><td>11</td></tr><tr><td>SI/RSI/APSI/SI (G)</td><td>61</td></tr><tr><td>ASI/RASI/APASI/ASI (G)</td><td>45</td></tr><tr><td>SCPO/WSCPO/SCPO (G)</td><td>156</td></tr><tr><td>CPO/WCPO</td><td>487</td></tr><tr><td>Total</td><td>766</td></tr></table></td></tr>
<tr><td>(ഡി)</td><td>ഇവരിൽത്തന്നെ കൊടുംക്രിമിനലുകളായ ഏതാനുംപേരെ ,ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ സമിതി കണ്ടെത്തുകയുണ്ടായോ;</td><td>(ഡി)</td><td>ബഹു സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കമ്മിറ്റി 16.07.2018 ൽ യോഗം ചേർന്ന് കേരളാ പോലീസ് ആക്ട് സെക്ഷൻ 86 ന്റെ പരിധിയിൽ വരുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള 59 കേസുകൾ റിവ്യൂ ചെയ്തിട്ടുള്ളതാണ് .</td></tr>
<tr><td>(ഇ)</td><td>ഇതിൽ ഏതാനുംപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിടാൻ പ്രസ്തുത സമിതി ശിപാർശ ചെയ്യുകയുണ്ടായോ; എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?</td><td>(ഇ)</td><td>സമിതി പരിഗണിച്ച കേസുകളിലെ ഉദ്യോഗസ്ഥരെ , ബന്ധപ്പെട്ട കേസുകളിൽ ബഹു കോടതികൾ നാളിതുവരെ ശിക്ഷിച്ചിട്ടില്ലാത്തതിനാൽ കേരളാ പോലീസ് ആക്ട് വകുപ്പ് 86 (3 ) ന്റെ പരിധിയിൽ പ്പെടുന്നില്ലാത്തതും ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ട അധികാരികളോട് ശുപാർശ ചെയ്തിട്ടുള്ളതുമാകുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ